**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5199** **21-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ ഏഴ് ജില്ലകളിലായി എട്ട് കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആദ്യഘട്ടമായി എവിടെയെല്ലാം ആണ് കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതെന്നും കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (ബി) | ആദ്യഘട്ടമായി ആരംഭിച്ച എട്ട് കൃഷിശ്രീ സെന്ററുകളുടെ പട്ടിക **അനുബന്ധം-I** ആയും, കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും **അനുബന്ധം-II** ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം-I</u>

## <u>ആദ്യഘട്ടമായി ആരംഭിച്ച ഏട്ട് കൃഷിശ്രീ സെന്ററുകളുടെ പട്ടിക</u>

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | കൊല്ലം | 1. ഇരവിപുരം<br>2. കൊട്ടാരക്കര |
| 2 | എറണാകുളം | പറവൂർ |
| 3 | തൃശ്ശൂർ | ചേർപ്പ് |
| 4 | പാലക്കാട് | ചിറ്റൂർ |
| 5 | മലപ്പുറം | പരപ്പനങ്ങാടി |
| 6 | കണ്ണൂർ | ഇരിക്കൂർ |
| 7 | കാസർഗോഡ് | കാസർഗോഡ് |

## അനുബന്ധം-II

## കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ഓഫീസ് പ്രവർത്തിക്കുന്നതിന് 25 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള മുറിയും, മെഷിനറി സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്ക് പഞ്ചായത്തിനാണ് കൃഷിശ്രീ സെന്റർ അനുവദിക്കുന്നത്. അതത് ജില്ലകളിലെ ആത്മ പ്രോജക്റ്റ് ഡയറക്ടർ പരസ്യം നൽകി ഏതു ബ്ലോക്കിലാണ് ആവശ്യം എന്നതനുസരിച്ച് ജില്ലകളിലെ ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നത്. കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറുടെ അനുമതിയും ലഭിക്കേണ്ടതുണ്ട്.